**GOVERNMENT OF KERALA**

Forest & Wildlife (B) Department
Phone No : 0471 2517150
E-mail forest.b@kerala.gov.in
forestbsection@gmail.com

No.B1/186/2021-FWLD 18-02-2026,Thiruvananthapuram

From

Additional Chief Secretary to Government

To

The Principal Chief Conservator of Forests & Head of Forest Force,
Forest Headquarters, Thiruvananthapuram.
The Principal Chief Conservator of Forests (Forest Management),
Forest Headquarters, Thiruvananthapuram.

Sir,

Sub: Forest and Wildlife Department - The Kerala Forest (Amendment) Act, 2025 - Notification forwarding of - reg.

Ref: The Kerala Forest (Amendment) Act, 2025 dated 09.02.2026.

I am to forward herewith a copy of the notification under reference cited for information. If required, Supdt. Government press may be addressed to print and supply sufficient copies of notification for departmental use. Action may also be taken to upload the notification in the website of Forest and Wildlife Department.

Yours Faithfully,

PRAMOD V R
JOINT SECRETARY
For Additional Chief Secretary to Government.

Approved for Issue,

Section Officer.

©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2026 ഫെബ്രുവരി 09<br>09th February 2026<br>1201 മകരം 26<br>26th Makaram 1201<br>1947 മാഘം 20<br>20th Magha 1947 | നമ്പർ<br>No. | 564 |

GOVERNMENT OF KERALA

**Law (Legislation-G) Department**

NOTIFICATION

No. 118/Leg. G1/2025/Law.

*Dated, Thiruvananthapuram, 9th February, 2026*
*26th Makaram, 1201*
*20th Magha, 1947.*

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the Governor on the 4th day of February, 2026.

By order of the Governor,

G. S. Asha,
*Special Secretary (Law).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# ACT 1 OF 2026

## THE KERALA FOREST (AMENDMENT) ACT, 2025

*An Act further to amend the Kerala Forest Act, 1961.*

*Preamble.*—WHEREAS, it is expedient further to amend the Kerala Forest Act, 1961 (4 of 1962) for the purposes hereinafter appearing;

BE it enacted in the Seventy-sixth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Forest (Amendment) Act, 2025.

(2) It shall come into force at once.

2. *Amendment of section 2.*—In the Kerala Forest Act, 1961 (4 of 1962) (hereinafter referred to as the principal Act), in section 2, for clause (c), the following clause shall be substituted, namely:—

"(c) "Forest Officer" means any person appointed by name or as holding an office by or under the orders of the Government to be a Principal Chief Conservator of Forests, Additional Principal Chief Conservator of Forests, Chief Conservator of Forests, Conservator of Forests, Deputy Conservator of Forests, Assistant Conservator of Forests, Divisional Forest Officer, Wildlife Warden, Assistant Wildlife Warden, Range Forest Officer, Deputy Range Forest Officer, Section Forest Officer, Timber Depot Officer, Beat Forest Officer, Forest Beat Assistant (except for the purpose of arrest) or to discharge any function of a Forest Officer under this Act or any rule made thereunder;".

3. *Amendment of section 47B.*—In section 47B of the principal Act, in sub-section (2),—

(a) after the words "for his own use", the words and symbols "or for sale through the Forest Department or, subject to the provisions of this Act and the rules made thereunder, for any other bonafide use, irrespective of the age of the tree" shall be inserted;

(b) for the existing proviso, the following proviso shall be substituted, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"Provided that the provision for sale and bonafide use under sub-section (2) shall not apply to sandal trees, if any, reserved by the Government at the time of assignment of such lands or sandal trees standing on any land notified under section 5 of the Kerala Preservation of Trees Act, 1986 (35 of 1986) or the areas notified by the custodian under the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 (21 of 2005).".

4. *Amendment of section 47E*.—In section 47E of the principal Act,—

(a) in the marginal heading, for the words "authorised officer", the words "Forest Department" shall be substituted;

(b) for the words "authorised officer", the words "Forest Department" shall be substituted.

5. *Amendment of section 53*.—In section 53 of the principal Act, for the word "Ranger", the words "Range Forest Officer" shall be substituted.

6. *Amendment of section 64*.—In section 64 of the principal Act, for the word "Ranger", the words "Range Forest Officer" shall be substituted.

7. *Amendment of section 68.*—In section 68 of the principal Act, for sub-section (1), the following sub-section shall be substituted, namely:—

"(1) Any Forest Officer not below the rank of an Assistant Conservator of Forests may,—

(a) accept from any person, reasonably suspected of having committed any forest offence, other than an offence punishable under section 47G, section 62 or section 65, a sum of money equivalent to the maximum fine amount prescribed for the offence under the Act or the rules made thereunder by way of compensation for the offence which may have been committed and where any property has been seized as liable to confiscation, may release the same on payment of the value thereof as estimated by such officer or confiscate such property to the Government;

(b) after institution of the prosecution, on an application from the accused, compound, with the permission of the court, any offence other than an offence punishable under

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

section 47G, section 62 or section 65, alleged against such accused, by accepting a sum of money and value of property assessed in the manner as specified in clause (a):

Provided that though an offence has been compounded under this sub-section, it shall be deemed to be a previous commission of the same offence for the purpose of determining whether a second or subsequent offence has been committed and no such second or subsequent offence shall be compounded under this clause.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ജി) വകുപ്പ്

## വിജ്ഞാപനം

നമ്പർ 118/ലെഗ്. ജി1/2025/നിയമം.

*തിരുവനന്തപുരം, 2026 ഫെബ്രുവരി 9*
*1201 മകരം 26*
*1947 മാഘം 20.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2026 ഫെബ്രുവരി 4-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജി. എസ്. ആശ,
*സ്പെഷ്യൽ സെക്രട്ടറി (നിയമം).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2026-ലെ 1-ാം ആക്റ്റ്

## 2025-ലെ കേരള വന (ഭേദഗതി) ആക്റ്റ്

1961-ലെ കേരള വന ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1961-ലെ കേരള വന ആക്റ്റ് (1962-ലെ 4) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള വന (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1961-ലെ കേരള വന ആക്റ്റിലെ (1962-ലെ 4) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ, (സി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) "വനം ഉദ്യോഗസ്ഥൻ" എന്നാൽ ഒരു പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ ഫോറസ്റ്റ് കൺസർവേറ്ററായോ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററായോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായോ വൈൽഡ് ലൈഫ് വാർഡനായോ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായോ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായോ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായോ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായോ തടി ഡിപ്പോ ഓഫീസറായോ ബീറ്റ് ഫോറസ്റ്റ് ഓഫീസറായോ ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റായോ (അറസ്റ്റിന്റെ ആവശ്യത്തിന് ഒഴികെ) അല്ലെങ്കിൽ ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടമോ പ്രകാരമുള്ള ഒരു വനം ഉദ്യോഗസ്ഥന്റെ ഏതെങ്കിലും ചുമതല നിർവഹിക്കുന്നതിനായി പേരു പറഞ്ഞോ, അല്ലെങ്കിൽ സർക്കാരിന്റെ ഉത്തരവുകൾ പ്രകാരമോ, അതിനു കീഴിലോ ഒരു ഉദ്യോഗം വഹിയ്ക്കുന്നതിനായി നിയമിക്കപ്പെടുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;".

3. 47ബി വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 47ബി വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) "തന്റെ സ്വന്തം ഉപയോഗത്തിനായി ഒരു കെട്ടിടം പണിയുന്നതിനായി ആ പ്രദേശം വൃത്തിയാക്കുന്നതിലേക്കായി കഴിയുന്ന തരത്തിൽ മരം മുറിക്കുന്നതിനാണെങ്കിലോ" എന്നീ വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ വനം വകുപ്പ് മുഖേന വിൽപന നടത്തുന്നതിനാണെങ്കിലോ അല്ലെങ്കിൽ ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, മരത്തിന്റെ പ്രായം കണക്കിലെടുക്കാതെ മറ്റേതെങ്കിലും സദുദ്ദേശപരമായ ഉപയോഗത്തിനാണെങ്കിലോ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ബി) നിലവിലെ ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, (2)-ാം ഉപവകുപ്പ് പ്രകാരമുള്ള വിൽപനയ്ക്കും സദുദ്ദേശപരമായ ഉപയോഗത്തിനുമുള്ള വ്യവസ്ഥ, ഭൂമി പതിച്ചു നൽകുന്ന സമയത്ത് സർക്കാർ റിസർവ് ചെയ്തിട്ടുള്ള ചന്ദനമരങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയ്ക്കോ 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ (1986-ലെ 35) 5-ാം വകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ നിൽക്കുന്ന ചന്ദനമരങ്ങൾക്കോ, 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിൻ (2005-ലെ 21) കീഴിൽ സൂക്ഷിപ്പുകാരൻ വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾക്കോ ബാധകമാകുന്നതല്ല.".

4. 47ഇ വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 47ഇ വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ, "പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾക്കു പകരം "വനം വകുപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾക്കു പകരം "വനം വകുപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

5. 53-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 53-ാം വകുപ്പിൽ, "റെയിഞ്ചരുടെ" എന്ന വാക്കിനു പകരം "റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

6. 64-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 64-ാം വകുപ്പിൽ, "റേഞ്ചരുടെ" എന്ന വാക്കിനു പകരം "റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

7. 68-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 68-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(1) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ പദവിയിൽ കുറയാത്ത ഏതൊരു വനം ഉദ്യോഗസ്ഥനും,—

(എ) 47ജി വകുപ്പോ 62-ാം വകുപ്പോ 65-ാം വകുപ്പോ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ഒഴികെയുള്ള വനം സംബന്ധമായ ഏതെങ്കിലും കുറ്റം ചെയ്തതായി ന്യായമായും സംശയിക്കപ്പെട്ടിരിക്കുന്ന ഏതൊരാളിൽനിന്നും, ആക്റ്റ് പ്രകാരമോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ കുറ്റത്തിന് നിശ്ചയിച്ചിട്ടുള്ള പരമാവധി പിഴതുകയ്ക്ക് തുല്യമായ ഒരു തുക, അയാൾ ചെയ്തിരിക്കാവുന്ന കുറ്റത്തിനുള്ള നഷ്ടപരിഹാരമായി സ്വീകരിക്കാവുന്നതും, കണ്ടുകെട്ടലിന് വിധേയമായ ഏതെങ്കിലും വസ്തു പിടിച്ചെടുത്തിട്ടുള്ളപക്ഷം അങ്ങനെയുള്ള ഉദ്യോഗസ്ഥൻ അതിന് കണക്കാക്കിയ വില കൊടുക്കുന്നപക്ഷം അതു വിട്ടുകൊടുക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തു ഗവണ്മെന്റിലേക്ക് കണ്ടുകെട്ടുകയോ ചെയ്യാവുന്നതാണ്;

(ബി) പ്രോസിക്യൂഷൻ നടപടി ആരംഭിച്ചതിനു ശേഷം, കുറ്റം ചുമത്തപ്പെട്ട ആളുടെ അപേക്ഷ പ്രകാരം, അങ്ങനെയുള്ള ആൾക്കെതിരെ ആരോപിക്കപ്പെട്ട, 47ജി വകുപ്പോ 62-ാം വകുപ്പോ അല്ലെങ്കിൽ 65-ാം വകുപ്പോ പ്രകാരം ശിക്ഷാർഹമായ കുറ്റം ഒഴികെയുള്ള ഏതൊരു കുറ്റവും, (എ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ കണക്കാക്കിയ വസ്തുവിന്റെ വിലയും മൂല്യവും സ്വീകരിച്ചുകൊണ്ട്, കോടതിയുടെ അനുമതിയോടെ രാജിയാക്കാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ഒരു കുറ്റം രാജിയാക്കിയാൽ തന്നെയും, രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ കുറ്റം ചെയ്തിട്ടുണ്ടോ എന്ന് നിശ്ചയിക്കുന്ന ആവശ്യത്തിലേയ്ക്കായി അതേ കുറ്റം മുൻപ് ചെയ്തിട്ടുള്ളതായി കരുതപ്പെടേണ്ടതും, രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ അങ്ങനെയുള്ള യാതൊരു കുറ്റവും ഈ ഖണ്ഡം പ്രകാരം രാജിയാക്കാൻ പാടില്ലാത്തതുമാണ്.".

(ശരിത്തർജ്ജമ)

ബിന്ദു സി.,
*നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/